## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2362 08.07.2015-ൽ മറുപടിക്ക്**

**കുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാസർ ഗോഡ് ജില്ലയിൽ ബന്തടുക്ക-കരിവേടകം വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | എ) | ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്തടുക്ക - കരിവേടകം വില്ലേജുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് NRDWP യിൽ ഉൾ പ്പെടുത്തി 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിന്റെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ? | ബി) | പ്രസ്തുത പദ്ധതിയുടെ സ്രോതസ്സായ ഇൻ ടേക്ക് വെൽ നിർമ്മിക്കുന്നതിന് പനത്തടി വില്ലേജിൽ ഉൾ പ്പെട്ടതും റീസർ വ്വേ നം. 271/7 ൽ വരുന്നതുമായ 10 സെന്റ് സ്ഥലം പനത്തടി പഞ്ചായത്ത് ഇതുവരെയും ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല. 7.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലടാങ്ക് നിർമ്മിക്കുന്നതിന് ബന്തടുക്ക വില്ലേജിൽ റീസർ വ്വേ നം.14ഠ ൽ 15 സെന്റ് സ്ഥലം ലഭ്യമാക്കാൻ കുറ്റിക്കോൽ പഞ്ചായത്ത് അധികൃ തരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 4.5 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയ്ക്ക് ആവശ്യമായതും കരിവേടകം വില്ലേജിലെ റീ സർ വ്വേ നം.106/1 ൽ ഉള്ളതുമായ 50 സെന്റ് സർക്കാർ വക സ്ഥലം ലഭിക്കുന്നതിനായി ജില്ലാ കളക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ